PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session

Tuesday, the 27th January, 1970

Vol. XXVI] OFFICIAL REPORT [No. 11

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 27th January, 1970, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session.)

ORAL ANSWERS

ഫീസ് ആനുകൂല്യം

* 84 [322] ശ്രീ. പി. പി. കൃഷ്ണൻ
,, എ. എസ്. എൻ. നമ്പീശൻ
,, എൻ. വാസുദേവൻ പിള്ള
,, എ. പി. കുര്യൻ
,, ഇ. വി. കുമാരൻ
,, ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ക്ലാസ്സുവരെ ഫീസ് ആനുകൂല്യം കൊടുക്കുന്നതിനുള്ള ഒരു തീരുമാനം ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിനെതിരായി സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാ ഫീസ് ഈടാക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത്?

(ഡി) ഈ നടപടിക്കെതിരായി കേരളത്തിലെ വിദ്യാർത്ഥികൾ നടത്തിയ സമരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പരീക്ഷാഫീസ് നിരുത്തലാക്കാനും പിരിച്ച തുക തിരിച്ചു കൊടുക്കാനും നടപടിയെടുക്കുമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): (എ. ബി. സി.) എസ്. എസ് എൽ. സി.വരെ റഗ്യൂഷൻ ഫീസ് ആനുകൂല്യം എല്ലാവർക്കും നൽകിയിട്ടുണ്ട്. പരീക്ഷാ ഫീസ് ആനുകൂല്യം എല്ലാവർക്കും നൽകിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) എ. ബി, സി ഇവയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. പി. കൃഷ്ണൻ: സെക്കണ്ടറി എഡ്യൂക്കേഷൻ സൗജന്യമാക്കുക എന്നുള്ള നയമനുസരിച്ച് പരീക്ഷാ ഫീസ് ഈടാക്കുന്ന സംപ്രദായം നിറുത്തലാക്കാൻ ഗവൺമെന്റിനു ഭയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അത് ഒരു നയപരമായ പ്രശ്നമാണ്. അതേസംബന്ധിച്ച് തീരുമാനമായിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ വിദ്യാർത്ഥികളുടെ സമരത്തിന്റെ അവസാനം ഒരു ഒത്തുതീർപ്പ് ഉണ്ടായി എന്നു പത്രത്തിൽ കാണുകയുണ്ടായി. ഈ കാര്യം പുന:പരിശോധന ചെയ്യുമോ എന്നുള്ള അടിസ്ഥാനത്തിലാണോ തീരുമാനമുണ്ടായിട്ടുള്ളത്?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: ഇതേസംബന്ധിച്ച് അങ്ങനെ പുന:പരിശോധനചെയ്യണമെന്ന് ഉറപ്പുകൊടുത്തിട്ടില്ല. ഈ കാര്യത്തെസംബന്ധിച്ചിടത്തോളം കഴിയുന്നതും വേഗം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. ടി. എ. മജീദ്: സെക്കണ്ടറി വിദ്യാഭ്യാസം സൗജന്യമാക്കണമെന്നുള്ള തീരുമാനം ഏതു കാലഘട്ടത്തിലാണു് എടുത്തിട്ടുള്ളതു്?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: 9, 10 ക്ലാസുകളിലെ ഫീസ് എടുത്തുകളയണമെന്നുള്ള തീരുമാനം ഇതിനു മുൻപിലുള്ള ഗവൺമെന്റിന്റെ കാലത്താണ് ഉണ്ടായതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനു് മറെറല്ലാ ഡിപ്പാർട്ടുമെന്റിനേക്കാളും ചെലവുള്ളതുകൊണ്ടും അതിനുവേണ്ട പണമില്ലാത്തതുകൊണ്ടും അഞ്ചാംക്ലാസുമുതൽ പത്താം ക്ലാസുവരെ ഫീസ് ഏർപ്പെടുത്താൻ ഗവൺമെന്റു് ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം തൽക്കാലം ഗവൺമെന്റിനു് സ്വീകാര്യമല്ല. 9, 10 ക്ലാസുവരെ, സെക്കണ്ടറി എഡ്യൂക്കേഷൻവരെ ഫീസ് വേണ്ടന്ന തീരുമാനത്തിലാണ് ഗവൺമെന്റു് നിൽക്കുന്നത്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസവകുപ്പിലെ ചെലവിനെ അടിസ്ഥാനപ്പെടുത്തി വളരെയേറെ സാമ്പത്തികശേഷിയുള്ള രക്ഷിതാക്കൾ വിദ്യാർത്ഥികൾക്ക് ഫീസ് കൊടുത്തുതന്നെ പഠിപ്പിക്കണമെന്നുള്ള നയം ഗവൺമെന്റിനു് ആവിഷ്കരിച്ചുകൂടേ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ആ അഭിപ്രായം കൂടുതൽ കൂടുതൽ ആളുകൾക്ക് ഉണ്ടായി വരുന്നുവെന്നാണു് മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: വളരെ കുറഞ്ഞ ഒരുവിഭാഗം ആളുകളെ മാത്രം ഫീസ് കൊടുത്താൽമതി എന്നുള്ളതുകൊണ്ടും ഈ ഫീസ് വളരെ തുച്ഛമായ ഒരു തുക മാത്രമായതുകൊണ്ടും അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ സൗജന്യമുപയോഗിച്ച് എടുത്തുകളയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഗവൺമെൻറിന്റെ ഇപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം തുച്ഛമായ തുക എന്നു പറയുന്നത് നമ്മുടെ രാജ്യത്തെ വരുമാനത്തെ സംബന്ധിച്ചിടത്തോളം ശരിയായിരിക്കുകയില്ല. ഇതൊരു നയപരമായ പ്രശ്നമാണ്. ഇതേ സംബന്ധിച്ച് ഗവൺമെൻറ് തീരുമാനമെടുത്തിട്ടില്ല.

ശ്രീ. എ. വി. കുട്ടിക്കൃഷ്ണൻനായർ: ഫീസ് എടുത്തുകളയുന്ന നഷ്ടം നികത്തുന്നതിനുവേണ്ടി സർച്ചാർജ്ജ് ചുമത്താൻ ആലോചനയുണ്ടെന്നു പറയുകയുണ്ടായി. അത് എന്തായി?

ശ്രീ. സി. എച്ച് മുഹമ്മദ്കോയ: അങ്ങനെയുള്ള സർച്ചാർജ്ജ് ചുമത്തുന്നതിനെ സംബന്ധിച്ചുള്ള തീരുമാനമൊന്നുമായിട്ടില്ല.

ശ്രീ. എം. കൃഷ്ണൻ: പരീക്ഷാ ഫീസ് നിറുത്തലാക്കുന്നതുകൊണ്ട് ഗവൺമെൻറിന് എത്ര സംഖ്യ നഷ്ടം വരുമെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ആണ്ടുതോറും കൂടിക്കൂടി വരുന്ന ഒരു സംഖ്യയാണ്. ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം ഏകദേശം 20, 25 രൂപയോളം പരീക്ഷയ്ക്ക് ഗവൺമെൻറ് ചെലവാക്കുന്നുണ്ട്. പെർമനൻറ് ഡിപ്പാർട്ട്മെൻറ് എന്നുള്ള ചെലവു കൂടാതെയാണ് ഇത്.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: ഈ ചോദ്യത്തിലെ 'ഡി' യെ സംബന്ധിച്ച് എന്തു നടപടിയെടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതു നയപരമായ പ്രശ്നമാണ് അതേസംബന്ധിച്ച് തീരുമാനമൊന്നുമായിട്ടില്ല.

ബീയർ നിർമ്മാണ ഫാക്ടറി

* 85. [823] ശ്രീ. പി. പി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഒരു ബീയർ നിർമ്മാണ ഫാക്ടറി നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധമായ നടപടികളെത്രത്തോളമായെന്നു വിശദമാക്കാമോ?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഉണ്ട്.

(ബി) എത്രയും വേഗം ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. പി. ജോർജ്ജ്: ഈ ഫാക്ടറിക്കു വേണ്ടതായ മൂലധനം ഇറക്കുന്നത് ആരാണെന്നു പറയാമോ ?